**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5794** **25-03-2025 - ൽ മറുപടിയ്ക്ക്**

**വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള സഹായത്തിൽ കുറവ് വന്ന സാഹചര്യത്തിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. കേന്ദ്രാവിഷ്കൃത പദ്ധികൾക്കുള്ള കേന്ദ്രവിഹിതം കുറയ്ക്കുന്ന നിലപാട് സമീപകാലത്ത് കേന്ദ്രം സ്വീകരിച്ചു വരുന്നു. ഇത് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.<br><br>മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി- നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ